**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 331** **08-06-2021 - ൽ മറുപടിയ്ക്ക്**

**ഇന്ധനവിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ഒ എസ് അംബിക** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് കോവിഡ് മഹാമാരി ദുരിതം വിതയ്ക്കുമ്പോഴും ഇന്ധനവില അടിക്കടി വർദ്ധിപ്പിക്കുന്നത് ജനങ്ങളുടെ മേൽ ഏല്പിക്കുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഇന്ധനവിലയിൽ അടിക്കടിയുണ്ടാകുന്ന വർദ്ധനവ് ജനജീവിതം ദുസ്സഹമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പെട്രോളിന്റെയും ഡീസലിന്റെയും മേൽ കേന്ദ്രസർക്കാർ ചുമത്തുന്ന നികുതിയിനങ്ങൾ ഏതൊക്കെയെന്നും എത്ര വീതമെന്നും അറിയിക്കാമോ; | (ബി) | പെട്രോളിന്റെയും ഡീസലിന്റെയും മേൽ കേന്ദ്രസർക്കാർ ചുമത്തുന്ന നികുതിയിനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | നികുതി നിരക്ക് കുറയ്ക്കുകയോ വിലനിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോ; വ്യക്തമാക്കാമോ? | (സി) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതു വില്പന നികുതിയും, കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. പെട്രോളും ഡീസലും നിലവിൽ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിലേക്ക് കൊണ്ടുവന്നിട്ടില്ല. കേരളത്തിൽ ഇവ കേരള പൊതു വില്പന നികുതിയുടെ പരിധിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08% ഉം ഡീസലിന് 22.76% ഉം ആണ്. 31.05.2018-ലെ എസ്.ആർ.ഒ നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80% ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52% ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01.06.2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. അതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ എല്ലാ രാഷ്ട്രീയകക്ഷികളും തയ്യാറാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**പെട്രോൾ**

| Sl. No. | Particulars | Unit | Unbranded MS manufactured on or after 02-02-2021 (Rs.) |
|---|---|---|---|
| 1 | Basic Excise Duty | Per litre | 1.40 |
| 2 | Road infrastructure cess | Per litre | 18.00 |
| 3 | Special Additional Excise Duty | Per litre | 11.00 |
| 4 | Agriculture & Infrastructure development cess | Per litre | 2.50 |
| | | **Total** | **32.90** |

**ഡീസൽ**

| Sl. No. | Particulars | Unit | Unbranded HSD manufactured on or after 02-02-2021 (Rs.) |
|---|---|---|---|
| 1 | Basic Excise Duty | Per litre | 1.80 |
| 2 | Road infrastructure cess | Per litre | 18.00 |
| 3 | Special Additional Excise Duty | Per litre | 8.00 |
| 4 | Agriculture & Infrastructure development cess | Per litre | 4.00 |
| | | **Total** | **31.80** |